## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *538      19.05.2017-ൽ മറുപടിക്ക്

### ജനനീ ജന്മരക്ഷാ യോജന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ.കെ. രാജൻ** | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ജനനീ ജന്മരക്ഷാ യോജന എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | ജനനീ ജന്മരക്ഷ എന്ന പേരിൽ ഒരു പദ്ധതി 2013 ജൂൺ മാസം മുതൽ നടപ്പാക്കി വരുന്നുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) | കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടേയും അവരുടെ കുഞ്ഞുങ്ങളുടേയും ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് 'ജനനീ ജന്മരക്ഷ' പദ്ധതി. എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാ ഗർഭിണികളുടെയും കുഞ്ഞുങ്ങളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഗർഭാവസ്ഥയുടെ 3-ാം മാസം മുതൽ പ്രസവശേഷമുള്ള 12 മാസം വരെ (ആകെ 18 മാസം) പ്രതിമാസം 1000/- രൂപ (ആയിരം രൂപ മാത്രം) അർഹരായ അപേക്ഷകർക്ക് (ഗുണഭോക്താക്കൾക്ക്) ലഭ്യമാക്കുന്നു. അമ്മയ്ക്കും കുഞ്ഞിനും ആവശ്യമായ പോഷകാഹാരം സ്വന്തം നിലയ്ക്ക് വാങ്ങി കഴിക്കുന്നതിനു വേണ്ടിയാണ് ടി തുക നൽകുന്നത്. |
| സി) | സഹായം ഉറപ്പ് വരുത്തേണ്ട പ്രമോട്ടർമാരുടേയും മറ്റും അലംഭാവം മൂലം പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാകുന്നില്ല എന്ന ആക്ഷേപം | സി) | പ്രൊമോട്ടർമാരുടെ അലംഭാവം മൂലം ടി പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാകുന്നില്ല എന്ന ആക്ഷേപം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആരോഗ്യരക്ഷാ പ്രവർത്തകരുടെ (JPHN) സാക്ഷ്യപ്പെടുത്തലോടു |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | | കൂടിയ പൂരിപ്പിച്ച അപേക്ഷകൾ യഥാസമയം വകുപ്പിന് ലഭ്യമാക്കുന്നതിന് എല്ലാ പ്രൊമോട്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ